**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4478** **06-03-2023 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിൽ വൈദ്യുതി ലഭിച്ചിട്ടില്ലാത്ത വീടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര നിയോജക മണ്ഡലത്തിൽ വൈദ്യുതി ലഭിച്ചിട്ടില്ലാത്ത വീടുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റ് ലഭ്യമാക്കുമോ; | (എ) | മാവേലിക്കര നിയോജക മണ്ഡലത്തിൽ വയറിങ് പൂർത്തീകരിക്കാത്തതോ, വയറിങ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷനു അപേക്ഷ സമർപ്പിക്കാത്തതോ ആയ വീടുകളുടെ എണ്ണം കെ.എസ്.ഇ.ബി ലിമിറ്റഡിൽ ലഭ്യമല്ല. എന്നാൽ വയറിങ് പൂർത്തീകരിച്ചുകൊണ്ടു വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഗുണഭോക്താക്കൾക്കും ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ൽ പറഞ്ഞിരിക്കുന്ന സമയപരിധി പാലിച്ചു കൊണ്ട് കെ.എസ്.ഇ.ബി ലിമിറ്റഡ് വൈദ്യുതി കണക്ഷൻ നൽകി വരുന്നു. |
| (ബി) | പ്രസ്തുത വീടുകൾക്ക് വൈദ്യുതി നല്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | മാവേലിക്കര നിയോജക മണ്ഡലത്തിൽ വയറിങ് പൂർത്തീകരിക്കാത്തതോ, വയറിങ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷനു അപേക്ഷ സമർപ്പിക്കാത്തതോ ആയ വീടുകളുടെ എണ്ണം കെ.എസ്.ഇ.ബി ലിമിറ്റഡിൽ ലഭ്യമല്ല. എന്നാൽ വയറിങ് പൂർത്തീകരിച്ചുകൊണ്ടു വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഗുണഭോക്താക്കൾക്കും ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ൽ പറഞ്ഞിരിക്കുന്ന സമയപരിധി പാലിച്ചു കൊണ്ട് കെ.എസ്.ഇ.ബി ലിമിറ്റഡ് വൈദ്യുതി കണക്ഷൻ നൽകി വരുന്നു. |
| (സി) | സമ്പൂർണ്ണ വൈദ്യുതീകരണത്തിനുശേഷം മാവേലിക്കര മണ്ഡലത്തിൽ പുതുതായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അപേക്ഷകളിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ? | (സി) | സമ്പൂർണ്ണ വൈദ്യുതീകരണത്തിനുശേഷം മാവേലിക്കര മണ്ഡലത്തിൽ പുതുതായി 7154 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷ നൽകിയ എല്ലാവർക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ